(ബി) പ്രസ്തുത സംഭവം സംബന്ധിച്ച് എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) ആരുടെ നേതൃത്വത്തിലാണ് പൂജ സംഘടിപ്പിച്ചത്;

(ഡി) പ്രസ്തുത സംഭവം സംബന്ധിച്ച അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ ആർക്കെതിരെയെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) ഇല്ല. എന്നാൽ 2015 ഒക്ടോബറിൽ നവരാത്രി ആഘോഷങ്ങളോടനുബന്ധിച്ച് പൂജ നടത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി-ഡി) ഉണ്ട്. ആയുധപൂജ നടത്തിയത് തെറ്റിദ്ധാരണാജനകമായി മാധ്യമങ്ങളിൽ വരുവാൻ ഇടയായ സാഹചര്യത്തെ സംബന്ധിച്ച് അന്വേഷണം നടത്തുകയും, ആയുധപൂജ പ്രേതബാധ ഒഴിപ്പിക്കുവാനെന്ന് വ്യാഖ്യാനിക്കത്തക്ക തരത്തിൽ വിപുലമായി നടത്തുകയും, ടി ആയുധപൂജയുടെ ദൃശ്യങ്ങൾ മാധ്യമങ്ങളിൽ വരുവാൻ ഇടയായത് കോർപ്പറേഷന്റെ സൽപ്പേരിന് കളങ്കം വരുത്തുന്നതാകയാൽ യൂണിറ്റാഫീസർക്കും, പൂജനടത്തുന്നതിന് ആവശ്യമായ ക്രമീകരണങ്ങൾ ചെയ്ത ഉദ്യോഗസ്ഥനും താക്കീത് നൽകുകയും ചെയ്തിട്ടുണ്ട്.

കെ.എസ്.ആർ.ടി.സി.-സർവ്വീസുകളും ജീവനക്കാരും

236 (3343) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാർ കെ.എസ്.ആർ.ടി.സി.യിൽ ഓരോ വർഷവും എത്ര പുതിയ ബസ്സുകൾ നിരത്തിലിറക്കി എന്നും ഓരോ വർഷവും സർവ്വീസ് നടത്തിയ ആകെ ബസ്സുകളുടെ എണ്ണവും വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം ഓരോ വർഷവും എത്ര പുതിയ ബസ്സുകൾ നിരത്തിലിറക്കി എന്നും ഓരോ വർഷവും സർവ്വീസ് നടത്തിയ ആകെ ബസ്സുകളുടെ എണ്ണവും വ്യക്തമാക്കുമോ;

(സി) ഈ സർക്കാർ അധികാരമേറ്റശേഷം ഓരോ മാസവും റദ്ദാക്കിയ സർവ്വീസുകൾ എത്രയെന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) കഴിഞ്ഞ സർക്കാരിന്റെ അവസാനവർഷം കെ.എസ്.ആർ.ടി.സി.യിൽ എത്ര ജീവനക്കാർ ഉണ്ടായിരുന്നു എന്ന് തസ്തിക തിരിച്ച് വിശദാംശം ലഭ്യമാക്കുമോ;

(ഇ) 2015 വർഷം കെ.എസ്.ആർ.ടി.സി.യിൽ എത്ര ജീവനക്കാർ ഉണ്ട്; തസ്തിക തിരിച്ച് വിശദീകരിക്കാമോ;

(എഫ്) 2015-16 വർഷം ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും പിടിച്ചെടുത്ത എൽ.ഐ.സി. പ്രീമിയം, വായ്പാ ഗഡുക്കൾ, പെൻഷൻ കുടിശ്ശിക എന്നീ ഓരോ ഇനത്തിലും എത്ര തുക കെ.എസ്.ആർ.ടി.സി. നല്കാൻ ഉണ്ട്; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) 212 JNNURM ഉൾപ്പെടെ 2937 ബസ്സുകൾ നിരത്തിലിറക്കിയിട്ടുണ്ട്. വർഷം തിരിച്ചുള്ള ഇന വിവരം ചുവടെ ചേർക്കുന്നു:

വർഷം	RTC	ജൻറം	ആകെ
2006	29		29
2007	257		257
2008	832		832
2009	812	15	827
2010	698	100	798
2011	97	97	194
ആകെ	2725	212	2937

ഓരോ വർഷവും സർവ്വീസ് നടത്തിയ ആകെ ബസ്സുകളുടെ എണ്ണം ചുവടെ ചേർക്കുന്നു:

വർഷം	പ്രതിദിന ശരാശരി എണ്ണം (KSRTC)
2006	3629
2007	3491
2008	3885
2009	4328
2010	4573

LIBRARY ARCHIVES Kerala Legislative Assembly

(ബി) 390 JNNURM ബസ്സുകൾ ഉൾപ്പെടെ 2161 ബസ്സുകൾ നിരത്തിലിറക്കിയിട്ടുണ്ട്.

വർഷം	RTC	ജൻറം	ആകെ
2011	115	71	186
2012	541	29	570
2013	356	8	364
2014	56	0	56
2015	615	282	897
2016	88	0	88
ആകെ	1771	390	2161

ഓരോ വർഷവും സർവ്വീസ് നടത്തിയ ആകെ ബസ്സുകളുടെ എണ്ണം ചുവടെ ചേർക്കുന്നു:

വർഷം	പ്രതിദിന ശരാശരി എണ്ണം	
	KSRTC	KURTC
2011	4720	240
2012	4833	244
2013	4674	233
2014	4643	219
2015	4512	296

(സി) കെ.എസ്.ആർ.ടി.സി. പൂർണ്ണമായും ഒരു സർവ്വീസും റദ്ദാക്കിയിട്ടില്ല. ബസ്സിന്റേയും ജീവനക്കാരുടേയും കുറവുമൂലം വരുമാനം കുറവുള്ള ചില സർവ്വീസുകൾ ചില ദിവസങ്ങളിൽ റദ്ദാക്കാറുണ്ട്.

(ഡി) തസ്തിക തിരിച്ചുള്ള എണ്ണം അനുബന്ധമായി ചേർക്കുന്നു.*

(ഇ) 1/2016 പ്രകാരം 34939 ജീവനക്കാരുണ്ട്. തസ്തിക തിരിച്ചുള്ള എണ്ണം അനുബന്ധമായി ചേർക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) നിലവിൽ കെ.എസ്.ആർ.ടി.സി. പെൻഷൻകാർക്ക് പെൻഷൻ കുടിശ്ശികയിനത്തിൽ തുകയൊന്നും തന്നെ നൽകാനില്ല. ജീവനക്കാരിൽ നിന്നും എൽ.ഐ.സി. പ്രീമിയം ഇനത്തിൽ 2015 ഒക്ടോബർ മാസം മുതൽ ഈടാക്കിയ തുകയായ 4.50 കോടി രൂപ എൽ.ഐ.സി.ക്ക് നൽകിയിട്ടില്ല. വിവിധ ധനകാര്യ സ്ഥാപനങ്ങളിൽനിന്നും ജീവനക്കാർ എടുത്തിട്ടുള്ള വായ്പകളുടെ തിരിച്ചടവിലേയ്ക്കായി ശമ്പളത്തിൽ നിന്നും ഈടാക്കിയ തുകയായ 7.50 കോടി രൂപ (2015 ജൂൺ മാസം മുതൽ) ബന്ധപ്പെട്ട ധനകാര്യ സ്ഥാപനങ്ങൾക്ക് നൽകിയിട്ടില്ല.

കെ.എസ്.ആർ.ടി.സി. ചെയിൻ സർവ്വീസ്

237 (3344) ശ്രീ.രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂരിൽ നിന്നും പത്തനംതിട്ട-റാന്നി-എരുമേലിവഴി പൊൻകുന്നത്തേക്കും മുണ്ടക്കയത്തേയ്ക്കും കെ.എസ്.ആർ.ടി.സി. ചെയിൻ സർവ്വീസ് ആരംഭിക്കുമ്പോൾ എത്ര ഷെഡ്യൂളുകളായിരുന്നു ഓരോ ഭാഗത്തേയ്ക്കും ഉണ്ടായിരുന്നതെന്ന് അറിയിക്കുമോ; ഇതിനായി എത്ര ബസ്സുകളാണ് വിവിധ ഡിപ്പോകളിൽ നിന്നും അനുവദിച്ചിരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഇപ്പോൾ നിലവിൽ ഈ റൂട്ടുകളിൽ ദിവസേന എത്ര ഷെഡ്യൂളുകൾ ഉണ്ടെന്നും എത്ര ബസ്സുകൾ ഇതിനായി ഉപയോഗിക്കുന്നുണ്ടെന്നും വിശദമാക്കാമോ;

(സി) ലാഭകരമായി സർവ്വീസ് നടത്തിയിട്ടും ഷെഡ്യൂളുകൾ വെട്ടിക്കുറയ്ക്കാനിടയായ സാഹചര്യങ്ങൾ വ്യക്തമാക്കാമോ; ഷെഡ്യൂളുകൾ വെട്ടിക്കുറച്ചതുവഴി ജനങ്ങൾക്കുണ്ടായ ബുദ്ധിമുട്ട് പരിഹരിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പുനലൂർ മുണ്ടക്കയം ചെയിൻ സർവ്വീസിന് 15 ഷെഡ്യൂളുകളാണ് ഉണ്ടായിരുന്നത്. പുനലൂർ നിന്നും 2-ഉം പൊൻകുന്നത്തുനിന്നും 7-ഉം പത്തനംതിട്ടയിൽ നിന്നും 6-ഉം എന്ന രീതിയിൽ സർവ്വീസ് നടത്തുന്നതിനാണ് അനുവാദം നൽകിയിരുന്നത്.

ടി ചെയിൻ സർവ്വീസിനായി പുനലൂർ ഡിപ്പോയ്ക്ക് 2-ഉം പൊൻകുന്നം ഡിപ്പോയ്ക്ക് 7-ഉം പത്തനംതിട്ടയ്ക്ക് 6-ഉം ബസ്സുകൾ അനുവദിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly